**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **09-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും സഹകരണ ആശുപത്രികളും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്.** ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്. |
| (ബി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി കൂടുതൽ സ്വകാര്യ ആശുപത്രികളെയും സഹകരണ ആശുപത്രികളെയും പദ്ധതിയിൽ ചേർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | കൂടുതൽ സ്വകാര്യ ആശുപത്രികളെയും സഹകരണ ആശുപത്രികളെയും പദ്ധതിയിൽ ചേർക്കാൻ ഇൻഷ്വറൻസ് കമ്പനിയുമായി നടത്തുന്ന ദ്വൈവാര അവലോകനയോഗത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നതിനോടൊപ്പം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലും നിർദ്ദേശം നൽകുകയുണ്ടായി. |
| (സി) | മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ ഗുണഭോക്താക്കളായി ഉൾപ്പെടുത്താൻ വിട്ടുപോയ ആശ്രിതരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അവരെ ഉൾപ്പെടുത്താൻ അവസരം നൽകുമോ; വിശദമാക്കുമോ; | (സി) | **23.06.2022 -ലെ ജി.ഒ.(പി) നം. 70/2022/ ധന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കായി 01.07.2022 -ൽ കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നിലവിൽ വരുകയും മെഡിസെപ് -ൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 22.11.2021 തീയതിയിലെ നം. 110/2021/ധന സർക്കുലർ പ്രകാരം വിവര ശേഖരണം പുനരാരംഭിക്കുകയു തുടർന്ന് 06.12.2021 തീയതിയിലെ നം. 119/2021/ധന, 31.12.2021 തീയതിയിലെ നം. 124/2021/ധന, 19.02.2022 തീയതിയിലെ നം. 11/2022/ധന,** |

| | | | |
|---|---|---|---|
| | | | **06.04.2022 തീയതിയിലെ നം. 32/2022/ ധന, എന്നീ സർക്കുലറുകൾ പ്രകാരം ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടുംബപെൻഷൻകാരുടെയും തിരുത്തലുകൾ വരുത്തിയ ശരിയായ വിവരങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഡി.ഡി.ഒ./ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ഉണ്ടായി. തുടർന്ന് 06.08.2022 -ലെ സർക്കുലർ നമ്പർ 68/2022/ധന പ്രകാരം ശരിയായ വിവരങ്ങൾ വെരിഫൈ ചെയ്ത്/ അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കേണ്ട അവസാന തീയതി 25.08.2022 ആയിരുന്നു. എന്നാൽ ഇൻഷുറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം 30.09.2022 വരെയുള്ള ഡാറ്റാ വെരിഫൈ ചെയ്ത് കമ്പനിക്ക് നൽകി ആയത് പ്രകാരം അത് വരെ ഡാറ്റാ തിരുത്തി നൽകിയവർക്ക് എല്ലാം കാർഡ് ലഭ്യമാക്കുകയും ചെയ്തിരുന്നു. 30.09.2022 -ന് ശേഷം ഡാറ്റയിൽ തിരുത്തലുകൾ വരുത്തിയ ജീവനക്കാർക്ക്/പെൻഷൻകാർക്ക് 15.06.2023 -ലെ 57/2023/ധന നമ്പർ സർക്കുലർ പ്രകാരം രണ്ടാമത്തെ പോളിസി വർഷമായ ജൂലൈ 2023 ൽ കാർഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നവജാത ശിശുക്കൾ ജനിച്ച് 180 ദിവസത്തിനുള്ളിൽ മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ കുഞ്ഞിന്റെ പേര് ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ പുതുതായി വിവാഹം കഴിയുന്നവർ വിവാഹം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ പങ്കാളിയുടെ പേര് മെഡിസെപ് പോർട്ടലിലെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇനിയും പേര് ചേർക്കാത്ത ആശ്രിതരെ പദ്ധതിൽ ഉൾപ്പെടുത്തുന്ന തീരുമാനം ഇൻഷുറൻസ് കമ്പനിയാണ് കൈക്കൊള്ളേണ്ടത്.** |
| (ഡി) | പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്ക് മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിയിൽ എപ്പോൾ ചേരാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതുതായി സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ